**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2568** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിലെ മൂലധന നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിലെ ആകെ മൂലധന നിക്ഷേപം എത്ര; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള മൂലധന നിക്ഷേപമെത്ര; കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിലെ ആകെ മൂലധന നിക്ഷേപം കൃത്യമായി ക്രോഡീകരിച്ച് തിട്ടപ്പെടുത്തിയിട്ടില്ല. വ്യവസായ വകുപ്പിന് കീഴിലും KSIDC, കിൻഫ്ര എന്നിവിടങ്ങളിലും മാത്രം 2020-21 മുതൽ 2024-25 (28/02/2025) വരെ ഉണ്ടായിട്ടുള്ള മൂലധന നിക്ഷേപം 31,091.96 കോടി രൂപയാണ്. എം.എസ്.എം.ഇ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ 2018-2019 മുതൽ 2022-23 വരെയുള്ള അഞ്ചുവർഷത്തെ കേരളത്തിലെ വ്യാവസായിക വികസനം സംബന്ധിച്ച് നടത്തിയ പഠനത്തിൽ 91,575 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചിട്ടുള്ളതായും 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 2020-21 മുതൽ 2023-24 വരെയുള്ള കാലഘട്ടത്തിൽ മാനുഫാക്ചറിംഗ് മേഖലയിൽ മാത്രം 2,49,558 കോടി രൂപയുടെ ആഭ്യന്തര ഉൽപാദനം ഉണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികളുടെ എണ്ണം എത്രയാണ്; വിവിധ മേഖലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിൽ മേഖലകളിൽ ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിവിധ മേഖല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിലെ തൊഴിലാളികളുടെ എണ്ണം വ്യവസായ വകുപ്പിൽ ക്രോഡീകരിച്ച് തിട്ടപ്പെടുത്തിയിട്ടില്ല. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിലെ വിവിധ യൂണിറ്റുകളിലായി പുതുതായി 7,36,483 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിൽ മേഖലകളിൽ ഓരോ വർഷവും നൽകാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങളുടെ വിവരശേഖരണം നടത്തിയിട്ടില്ല.<br><br>കിൻഫ്രയ്ക്ക് 465 യൂണിറ്റുകളിൽ നിന്നായി 28,649 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. വായ്പ ലഭ്യമാക്കിയ സംരംഭങ്ങളിലൂടെ 13,601 തൊഴിൽ അവസരങ്ങളും കെ.എസ്.ഐ.ഡി.സി പാർക്കുകളിലെ വിവിധ |

| | | | |
|---|---|---|---|
| | | | വ്യവസായ യൂണിറ്റുകളിൽ ആകെ 1117 തൊഴിലാളികളും ജോലി നോക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ വിവിധ വ്യവസായ മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് വിവിധ വ്യവസായ മേഖലകളിൽ ഓരോ വിഭാഗം തൊഴിലാളികൾക്കും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. 1948-ലെ മിനിമം വേതന നിയമപ്രകാരം വിവിധ വ്യവസായ മേഖല ഉൾപ്പെടെ 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ആയതിൽ 85 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കാറുമുള്ളതാണ്. അടിസ്ഥാന വേതനത്തോടൊപ്പം വ്യത്യസ്ത നിരക്കിലുള്ള ക്ഷാമബത്ത കൂടി ചേരുന്നതാണ് മിനിമം വേതനം. സംസ്ഥാനത്തെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന വ്യത്യസ്ത ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലുള്ള ക്ഷാമബത്തയാണ് നിശ്ചയിച്ച് വരുന്നത്. ഈ തൊഴിൽ മേഖലകളിലെ മിനിമം വേതന വിജ്ഞാപനങ്ങൾ ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ (https://lc.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം വ്യവസായ മേഖലയിൽ നിന്നാണ് പുനരധിവാസ പാക്കേജ് ആവശ്യപ്പെട്ട് സമീപിച്ചിട്ടുള്ളത്; ഏതെല്ലാം മേഖലകളിൽ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട കശുവണ്ടി വ്യവസായ മേഖലയിൽ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പദ്ധതികൾ ചുവടെചേർക്കുന്നു.<br>1. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതി.<br><br>2. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.<br><br>Potentially viable ആയിട്ടുള്ള പീഡിത സംരംഭങ്ങൾക്ക് പുനരുദ്ധാരണത്തിനായി 2023-24ൽ ഒരു പാക്കേജ് കെ.എസ്.ഐ.ഡി.സി വഴി നടപ്പിലാക്കുന്നതിനായി ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു, പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന ആവശ്യങ്ങൾക്കാണ് ഈ ധനസഹായം നല്കുവാൻ പദ്ധതിയിട്ടിരിക്കുന്നത്.<br><br>ഉൽപ്പാദനം/പ്രവർത്തന മൂലധന മാർജിൻ ആവശ്യകത പുനരാരംഭിക്കുന്നതിന് അസംസ്കൃത വസ്തുക്കൾ വാങ്ങുക<br><br>യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ/സ്ഥിര ആസ്തികളുടെ നവീകരണം |

| | | | |
|---|---|---|---|
| | | | നിയമപരമായ കുടിശ്ശികയുടെ ക്ലിയറൻസ്, പുനരുജ്ജീവന ചെലവിന്റെ 20% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു<br><br>സമർത്ഥമായ പ്രവർത്തനത്തിനായി അനിവാര്യമായ യന്ത്രങ്ങൾ (P&M) വാങ്ങുക.<br><br>പ്രസ്തുത പദ്ധതി പരിഗണിക്കുന്നതിനായി potentially viable ആയ sick യൂണിറ്റുകൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കുറഞ്ഞത് 2 വർഷം പ്രവർത്തനത്തിലുണ്ടായിരിക്കണം. മനപ്പൂർവ്വ മാനേജ്മെന്റ് വീഴ്ച, അനധികൃതമായി ഫണ്ടുകൾ തിരിച്ചുവിടൽ, പങ്കാളികൾ/പ്രമോട്ടർമാർ തമ്മിലുള്ള തർക്കം എന്നിവ കാരണം ദുരിതബാധിതമായ യൂണിറ്റുകൾ പുനരുദ്ധാരണത്തിനായി പരിഗണിക്കപ്പെടുകയില്ല. പുനർജ്ജീവന പാക്കേജ് ആകെ 1 കോടി മുതൽമുടക്കിൽ തിരിച്ചുവരവിന്റെ സാധ്യതയുള്ള യൂണിറ്റുകൾക്ക് മാത്രമേ ലഭ്യമാവൂ. യൂണിറ്റുകൾക്ക് എല്ലാ നിയമാനുസൃത ലൈസൻസുകളും/ അനുമതികളും ഉണ്ടായിരിക്കണം അല്ലെങ്കിൽ ലൈസൻസുകൾ/അനുമതികൾ പുതുക്കാനുള്ള യോഗ്യതയുണ്ടായിരിക്കണം. ധനകാര്യ പ്രതിബന്ധങ്ങളെ സംബന്ധിച്ച നിയമവിവാദങ്ങൾ (NCLT അടക്കം) ആയിരിക്കരുത്, റവന്യു റിക്കവറി നടപടികളിൽ ഉൾപ്പെട്ടിരിക്കുന്നതും ആകരുത്. |

സെക്ഷൻ ഓഫീസർ